പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2205 **27-10-2026-ൽ മറുപടിയ്ക്ക്**

സഹ്യാഗ് പോർട്ടൽ ഉപയോഗിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കേന്ദ്രസർക്കാരിന്റെ സഹ്യോഗ് പോർട്ടൽ കേരള പൊലീസും സംസ്ഥാന സർക്കാരിന്റെ മറ്റ് ഏജൻസികളും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

മറുപടി: 'സഹ്യോഗ്' പോർട്ടൽ മുഖേന സമൂഹ മാധ്യമങ്ങളിലെ ഉള്ളടക്കങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നിയമപരമായ നോട്ടീസുകൾ നൽകി നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാനത്തിന്റെ നിയമ നിർവ്വഹണ ഏജൻസിയായ കേരള പോലീസ് മാത്രമാണ്. കേരള പോലീസ് ഈ പോർട്ടൽ പ്രധാന മായും താഴെപ്പറയുന്ന ആവശ്യങ്ങൾ ക്കായി ഉപയോഗിച്ചുവരുന്നു:

നിയമവിരുദ്ധ ഉള്ളടക്കങ്ങൾ നീക്കം ചെയ്യൽ:

രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, സുരക്ഷ, ക്രമ സമാധാനം എന്നിവയെ ബാധി ക്കുന്നതും ക്രിമിനൽ സ്വഭാവ മുള്ളതുമായ ഉള്ളടക്കങ്ങൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമു കളിൽനിന്ന് നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകുന്നു.

സൈബർ സാമ്പത്തിക തട്ടിപ്പുകൾ തടയൽ: അനധികൃത ലോൺ, വാതുവെപ്പ്, വ്യാജ ട്രേഡിംഗ് ആപ്പുകൾ, വ്യാജ പരസ്യങ്ങൾ, ഫിഷിംഗ് വെബ്സൈറ്റുകൾ, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്ന പോസ്റ്റുകൾ എന്നിവ തടയുന്നതിനും നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു. **ഡീപ് ഫേക്ക്, വ്യാജ ഐഡന്റിറ്റി തടയൽ:** ജനപ്രതിനിധികളുടെയും പൊതുജന ങ്ങളുടെയും പേരിൽ പ്രചരിപ്പിക്കുന്ന വ്യാജ ന്യൂസ് കാർഡുകൾ, ഡീഫേക്ക് ദൃശ്യങ്ങൾ, കൃത്രിമ ചിത്രങ്ങൾ, വ്യാജ അക്കൗണ്ടുകൾ എന്നിവ കണ്ടെത്തി നീക്കം ചെയ്യുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ: കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണ ദൃശ്യങ്ങളും സ്ത്രീകളുടെ അന്തസ്സിനും സ്വകാര്യ തയ്ക്കും ഭംഗം വരുത്തുന്ന അശ്ലീല ഉള്ളടക്കങ്ങളും സമയ ബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. **കേസന്വേഷണത്തിനുള്ള വിവര ശേഖരണം:** ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS) സെക്ഷൻ 94, ഐ.ടി. റൂൾസ് 2021-ലെ റൂൾ 3(1)(j) എന്നിവ പ്രകാരം സോഷ്യൽ മീഡിയ ഇന്റർ മീഡിയറികളിൽനിന്നും വെർച്വൽ അസറ്റ് സർവീസ് പ്രൊവൈഡർമാരിൽനിന്നും (VASP) ലോഗ് വിവരങ്ങളും സബ്സ്ക്രൈ ബർ വിവരങ്ങളും ശേഖരിക്കുന്നു.

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ഐ.ടി. ഇലക്ട്രോണിക്സ് മന്ത്രാലയവും ചേർന്ന് രൂപം നൽകിയിട്ടുള്ള സഹ്യോഗ് പോർട്ടൽ ഉപയോഗിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിന് കേരള

പോലീസിന്റെ ഏതെല്ലാം വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: കേരള പോലീസിന്റെ കീഴിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകൾക്കും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സ്റ്റേറ്റ് നോഡൽ ഓഫീസർ എ.ഡി.ജി.പി. സൈബർ ഓപ്പറേഷൻ സിനും 'സഹ്യാഗ്' പോർട്ടൽ വഴി നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ നിന്നും ജില്ലാ പോലീസ് മേധാവിമാരിൽ നിന്നും പോർട്ടൽ മുഖേന ലഭിക്കുന്ന ഉള്ളടക്കം നീക്കം ചെയ്യാനുള്ള ആവശ്യങ്ങൾ സാങ്കേതികവും നിയമപരവുമായി പരിശോധിച്ച്, ബന്ധപ്പെട്ട ഇന്റർ മീഡിയറികൾക്ക് അന്തിമ നോട്ടീസ് അയക്കുന്നത് സ്റ്റേറ്റ് നോഡൽ ഓഫീസറാണ്.

(സി) പ്രസ്തുത പോർട്ടൽ മുഖേന ഏതൊക്കെ തരത്തിലുള്ള പരാതികളിലാണ് സമൂഹമാധ്യമങ്ങളിലെ കണ്ടെന്റുകൾക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

മറുപടി: 'സഹ്യാഗ്' പോർട്ടൽ മാനദണ്ഡ ങ്ങൾ പ്രകാരം പ്രധാനമായും രണ്ട് നിയമ വ്യവസ്ഥകൾക്ക് കീഴിലാണ് പരാതികളിൽ നടപടി സ്വീകരി ക്കുന്നത് **1. ഐ.ടി.റൂൾസ് 2021 റൂൾ3(1)(d), ഐ.ടി.ആക്ട് സെക്ഷൻ 79(3)(b) പ്രകാരമുള്ള ഉള്ളടക്കങ്ങൾ:**

- ഭാരതത്തിന്റെ പരമാധികാര ത്തെയും അഖണ്ഡതയെയും ബാധിക്കുന്നവ (Sovereignty and Integrity of India)
- രാജ്യസുരക്ഷയെ അപകട പ്പെടുത്തുന്നവ (Security of the State)
- വിദേശരാജ്യങ്ങളുമായുള്ള സൗഹൃദബന്ധത്തെ ബാധിക്കുന്നവ (Friendly Relations with Foreign States)
- ക്രമസമാധാന ലംഘനം, മതസ്പർദ്ധ, വർഗീയ വിദ്വേഷ പ്രചാരണം (Public Order)
- സദാചാര വിരുദ്ധവും അന്തസ്സിന് നിരക്കാത്തതുമായ ഉള്ളടക്കങ്ങൾ (Decency or Morality)
- കോടതി അലക്ഷ്യമായ പരാമർശങ്ങൾ (Contempt of Court)
- അപകീർത്തികരമായ പ്രസ്താവനകൾ (Defamation)
- നിയമവിരുദ്ധ കുറ്റകൃത്യങ്ങൾ ക്ക് പ്രേരിപ്പിക്കുന്ന ഉള്ളടക്ക ങ്ങൾ (Incitement to an Offense)
- നിലവിലുള്ള നിയമങ്ങൾ പ്രകാരം നിരോധിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പുകൾ, നിരോധിത ആപ്പുകൾ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ (Prohibited under any law)

2. ഐ.ടി. റൂൾസ് 2021 റൂൾ 3(2)(b) പ്രകാരമുള്ള വ്യക്തിഗത സുരക്ഷാ ലംഘനങ്ങൾ:

- വ്യക്തികളുടെ സ്വകാര്യ ഭാഗ ങ്ങൾ പ്രദർശിപ്പിക്കുന്ന ഉള്ളടക്ക ങ്ങൾ
- പൂർണ്ണമായോ ഭാഗികമായോ ഉള്ള നഗ്നതാ പ്രദർശനം
- ലൈംഗിക ചുവയുള്ള ചിത്രീ കരണങ്ങൾ
- കൃത്രിമമായി മാറ്റം വരുത്തിയ ചിത്രങ്ങൾ (Artificially Morphed images) വഴിയോ അല്ലാതെ യോ 232 വ്യാജ ഐഡന്റിറ്റി ചമയ്ക്കൽ (Impersonation)

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഫേസ്ബുക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ചിത്രങ്ങൾ അടങ്ങിയ ന്യൂസ് കാർഡുകളോ ഫോട്ടോകളോ വീഡിയോകളോ നീക്കംചെയ്യുന്നതിന് പ്രസ്തുത പോർട്ടൽ വഴി കേരള പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

മറുപടി: വ്യക്തികൾ നൽകുന്ന പരാതികൾ, ഐ.ടി. റൂൾസ് 2021 പ്രകാരം റിമൂവ് ചെയ്യാൻ കഴിയുന്ന സിന്തെറ്റിക്കലി ജനറേറ്റഡ് ഉള്ളടക്കങ്ങൾ (കൃത്രിമ മായി എഡിറ്റ് ചെയ്ത വീഡിയോ കൾ, മോർഫ് ചെയ്ത ചിത്രങ്ങൾ) എന്നിവ പ്രചരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ട സന്ദർഭങ്ങളിൽ 'സഹ്യോഗ്' പോർട്ടൽ വഴി ഐ.ടി. റൂൾസ് റൂൾ 3(1)(d) റൂൾ 3(2)(b) ഐ.ടി. ആക്ട് സെക്ഷൻ 79(3)(b) എന്നിവ പ്രകാരം ബന്ധപ്പെട്ട സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് നോട്ടീസ് നൽകി അവ നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട് ആയവ യിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരു ടെയും ചിത്രങ്ങൾ ഉൾപ്പെട്ട പോസ്റ്റു കളും ഉൾപ്പെടുന്നു.

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഫേസ്ബുക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങളിൽ നിന്നും കണ്ടെന്റുകൾ നീക്കംചെയ്യുന്നതിന് കേരള പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര പരാതികളിലാണ് നടപടികൾ സ്വീകരിച്ചതെന്നും നീക്കം ചെയ്ത പോസ്റ്റുകളുടെ സ്വഭാവം എന്താണെന്നും വിശദമാക്കാമോ?

മറുപടി: കേരളാ പോലീസിലെ സൈബർ ഓപ്പറേഷൻസ് വിഭാഗവും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളും സമൂഹ മാധ്യമങ്ങളിലൂടെയുള്ള കുറ്റകൃത്യങ്ങളും വ്യാജ പ്രചാരണങ്ങളും തടയുന്നതിനായി 24 മണിക്കൂറും സൈബർ പട്രോളിംഗും നിരീക്ഷണവും നടത്തിവരുന്നു. കൂടാതെ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി 'സഹ്യോഗ്' പോർട്ടൽ മുഖേനയും അല്ലാതെയും ബന്ധപ്പെട്ടവർക്ക് നോട്ടീസുകൾ നൽകിവരുന്നു.

- ആകെ ലഭിച്ച പരാതികൾ: 4201
- നിയമ നടപടി സ്വീകരിച്ച പരാതികൾ : 3472
- നീക്കം ചെയ്ത ആകെ പോസ്റ്റുകൾ/ലിങ്കുകൾ : 15627

നീക്കം ചെയ്ത പോസ്റ്റുകളുടെ സ്വഭാവം :

- സാമ്പത്തിക തട്ടിപ്പുകൾ: വ്യാജ ട്രേഡിംഗ് പ്ലാറ്റ്ഫോമുകൾ, പാർട്ട്-ടൈം ജോലി തട്ടിപ്പുകൾ, അനധികൃത ലോൺ ആപ്പുകൾ, വാതുവെപ്പ് ലിങ്കുകൾ.
- മോർഫ് ചെയ്ത ചിത്രങ്ങളും ഡീപ് ഫേക്കുകളും: വ്യക്തികളെയും ജനപ്രതിനിധി കളെയും അപകീർത്തിപ്പെടു ത്തുന്ന വ്യാജ വാർത്തകളും കൃത്രിമ ദൃശ്യങ്ങളും.
- ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഉള്ളടക്കങ്ങൾ: വർഗീയ വിദ്വേഷ പരാമർശ ങ്ങളും ഭീതി പരത്തുന്ന വ്യാജ സന്ദേശങ്ങളും.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതി രായ കുറ്റകൃത്യങ്ങൾ: അശ്ലീല ദൃശ്യങ്ങളും വ്യക്തികളുടെ അന്തസ്സിന് ഭംഗം വരുത്തുന്ന സൈബർ ബുള്ളിയിങ് പോസ്റ്റുകളും.
- വ്യാജ അക്കൗണ്ടുകൾ: നിയമ നിർവഹണ ഏജൻസികളുടെ പേരിൽ ജനങ്ങളെ ഭീഷണി പ്പെടുത്തി പണം തട്ടുന്ന വ്യാജ അക്കൗണ്ടുകൾ.

സെക്ഷൻ ഓഫീസർ